**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*713** **04.11.2016 -ൽ മറുപടിക്ക്**

**<u>ദേശീയപാതകൾ നാലുവരിയാക്കാനുള്ള പ്രവൃത്തി</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ.വി. ജോയി**<br>**,, എ. പ്രദീപ്കുമാർ**<br>**,, കെ.ഡി. പ്രസേനൻ**<br>**,, ബി.ഡി. ദേവസ്സി** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ ദേശീയപാതകൾ നാലുവരിയാക്കാനുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) സംസ്ഥാനത്തെ പ്രധാന ദേശീയപാതകളായ എൻ.എച്ച് 17 ഉം എൻ.എച്ച് 47 ഉം കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി പദ്ധതി യിൽപ്പെടുത്തി 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ സ്ഥലമേറ്റെടുത്ത് സർവ്വീസ് റോഡോടു കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇതിൽ വാളയാർ മുതൽ അരൂർ വരെയുള്ള ദേശീയപാത 47 (വാളയാർ മുതൽ ഇടപ്പള്ളി വരെ പുതിയ എൻ.എച്ച് 544 ഉം ഇടപ്പള്ളി മുതൽ അരൂർ വരെ പുതിയ എൻ.എച്ച് 66 ഉം) സ്ഥലമെടുപ്പ് പൂർത്തീകരിച്ച് അന്തിമ ഘട്ടത്തിലാണ്. കൂടാതെ ദേശീയപാത പുതിയ എൻ.എച്ച് 66 ന്റെ കഴക്കൂട്ടം മുതൽ കാരോട് വരെയുള്ള 43 കി.മീ. ബൈപ്പാസിന്റെ സ്ഥലമെടുപ്പ് പൂർത്തീകരിച്ച് നിർമ്മാണം നടന്നു വരുന്നു. സർവ്വീസ് റോഡോടു കൂടിയ നാലുവരിപ്പാതയായി വികസനം ശേഷിക്കുന്നത് തലപ്പാടി മുതൽ ഇടപ്പള്ളി വരെയും (420 കി.മീ) ചേർത്തല മുതൽ കഴക്കൂട്ടം വരെയും (172.9 കി.മീ) അടങ്ങുന്ന പുതിയ എൻ.എച്ച് 66 ആണ്. എന്നാൽ ഈ ഭാഗത്തെ ദേശീയപാതാ വികസനത്തിന്റെ സ്ഥലമെടുപ്പിൽ പുരോഗതി ഉണ്ടാകാതിരുന്ന സാഹചര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ) ഈ പാതയുടെ വികസന പദ്ധതിയിൽ നിന്നും പിൻമാറുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥന പ്രകാരം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം എൻ.എച്ച്.എ.ഐയ്ക്ക് ഈ പദ്ധതി പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ചും ഇതിനായുള്ള സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്ന തിലേയ്ക്കായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ |

| | |
|---|---|
| | പരിഹരിക്കുവാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ വികസനത്തിനു വേണ്ട പുതുക്കിയ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) കൺസൾട്ടന്റ് മുഖാന്തിരം നടത്തി വരുന്നു. കാസർഗോഡ് മുതൽ കണ്ണൂർ വരെയുള്ളതും കണ്ണൂർ മുതൽ വെങ്ങളം വരെയുള്ളതുമായ ഭാഗങ്ങളുടെ സ്ഥലമെടുപ്പ് നല്ല പുരോഗതിയിലാണ്. 2017 മെയ് മാസം ആദ്യത്തോടെ ഈ ഭാഗത്തെ പ്രവൃത്തി തുടങ്ങാനാകുമെന്നാണ് NHAI അധികൃതർ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അറിയിച്ചിട്ടുള്ളത്. |
| (ബി) സ്ഥലം ഏറ്റെടുക്കുന്നതിന്റെ പുരോഗതി അറിയിക്കുമോ; എൺപതു ശതമാനം ഭൂമി ഏറ്റെടുത്തു നൽകിയാൽ മാത്രമേ ദേശീയ പാത അതോറിറ്റി പ്രവൃത്തി ഏറ്റെടുക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ മാറ്റം വരുത്താനായി സർക്കാർ ഇടപെടൽ കൊണ്ട് സാധിച്ചിട്ടുണ്ടോ; | (ബി) തലപ്പാടി മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗങ്ങളിൽ വിവിധ റീച്ചുകളിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ നടന്നു വരുന്നുണ്ട്. ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗങ്ങളിൽ 30.50 മീറ്റർ റൈറ്റ് ഓഫ് വേ ലഭ്യമാണ്. ശേഷിക്കുന്ന സ്ഥലമെടുപ്പ് പുതുക്കിയ വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ പൂർത്തീകരിച്ചാൽ മാത്രമേ പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. നിലവിലെ വ്യവസ്ഥ പ്രകാരം കുറഞ്ഞത് 80% സ്ഥലമേറ്റെടുക്കൽ പൂർത്തീകരിച്ചാൽ മാത്രമേ പദ്ധതി നിർവ്വഹണത്തിനായി കൺസഷനറെ ഏൽപ്പിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഇക്കാര്യത്തിൽ ബഹു.മുഖ്യമന്ത്രി കേന്ദ്ര ഗതാഗത വകുപ്പു മന്ത്രിയുമായി നടത്തിയ ചർച്ചയിൽ 60% സ്ഥലമെടുപ്പ് പൂർത്തീകരിച്ചാൽ തന്നെ പ്രവൃത്തിയുടെ നിർവ്വഹണം തുടങ്ങാമെന്ന് സമ്മതിച്ചിട്ടുണ്ട്. |
| (സി) ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി എത്ര പേരെ പുനരധിവസിപ്പിക്കേണ്ടതായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനായി നടപടി ആരംഭിച്ചിട്ടുണ്ടോ; | (സി) പുതുക്കിയ വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ പൂർത്തിയായാൽ മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി എത്ര പേരെ പുനരധിവസിപ്പിക്കേണ്ടി വരുമെന്ന പൂർണ്ണമായ വിവരം ലഭിക്കുകയുള്ളൂ. |
| (ഡി) പാതകളുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ ? | (ഡി) പാതകളുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനായി പുതുക്കിയ വിശദമായ പദ്ധതി രേഖ എഗ്രിമെന്റ് പ്രകാരം 08/2016 മുതൽ 6 മാസക്കാലയളവിൽ കൺസൾട്ടന്റ് സമർപ്പിക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**